**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6278** **17-03-2023 - ൽ മറുപടിയ്ക്ക്**

**ലാൻഡ് ബാങ്കിൽ നിന്നും ലഭിക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലാൻഡ് ബാങ്കിൽ നിന്നും അനുവദിച്ച ഭൂമിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ലാന്റ് ബാങ്കിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കുന്ന ഭൂമിയുടെ വിവരങ്ങൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന വിവരം ലഭ്യമല്ല. |
| (ബി) | അത്തരത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലാൻഡ് ബാങ്കിൽ നിന്നും ലഭിക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ ഫീ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായമുപയോഗിച്ച്, വീടും സ്ഥലവുമില്ലാത്ത പട്ടികജാതി/പട്ടിക വർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി അനുവദിക്കുന്ന ഭൂമിയുടെ രജിസ്ട്രേഷന് G.O.(P)No.97/1997/TD dated 28.07.1997 (S.R.O.No.602/1997), G.O(P) No. 151/2022/TD dated 27.11.2022 (S.R.O.No. 1140/2022) നമ്പർ കേരള ഗസറ്റ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇളവ് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.<br><br>ദുരന്ത ലഘൂകരണ പദ്ധതിക്ക് കീഴിലുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച്, വീടും സ്ഥലവുമില്ലാത്ത പട്ടികജാതി/പട്ടിക വർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് G.O.(P)No.72/22/TD dated 25.06.2022 (S.R.O.No.84/2020), GO.(P)No.71/22/TD dated 25.06.2022 (S.R.O.No.86/2020) നമ്പർ കേരള ഗസറ്റ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇളവ് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.<br><br>മേൽപ്പറഞ്ഞ സ്കീമുകൾ വഴിയാണ് ലാന്റ് ബാങ്കിൽ നിന്നും ഭൂമി അനുവദിക്കുന്നതെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് നിലവിൽ ഉള്ളതാണ്. |

സെക്ഷൻ ഓഫീസർ